**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** — **16-09-2025 - ൽ മറുപടിയ്ക്ക്**

**ഓണം സ്പെഷ്യൽ അരി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** |

**ചോദ്യം (എ)** 2025 ഓണക്കാലത്ത് (ആഗസ്റ്റ് മാസം) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ നിലവിലുള്ള അരി വിഹിതവും ഓണം സ്പെഷ്യൽ അരിയും അടക്കം എത്ര ടൺ അരിയാണ് കാർഡുടമകൾക്ക് വിതരണം നടത്തിയിട്ടുള്ളത്; ഓരോ തരം കാർഡുടമകൾക്കും അനുവദിച്ചിരുന്ന റേഷൻ സാധനങ്ങളുടെ വിവരം പ്രത്യേകം വ്യക്തമാക്കാമോ;

**ഉത്തരം (എ)** ഓണക്കാലത്ത് ആഗസ്ററ് മാസം എല്ലാ വിഭാഗം കാർഡുടമകൾക്കുമായി ആകെ 149407 MTഅരി വിതരണം നടത്തിയിട്ടുണ്ട്. ഓരോ ഇനം റേഷൻ കാർഡ് വിഭാഗത്തിനും വിതരണം നടത്തിയ നോർമൽ അരിയുടെയും സ്പെഷ്യൽ അരിയുടെയും അളവ് (മെട്രിക് ടണ്ണിൽ) **അനുബന്ധം 1** ആയി ചേർക്കുന്നു.

**അനുബന്ധം 1**

| AAY | PHH (Normal) | PHH (Special) | NPNS | NPS (Normal) | NPS (Special) | NPI | Total |
|---|---|---|---|---|---|---|---|
| 17423 | 48904 | 15442 | 33179.50 | 16024 | 18408 | 26.51 | 149407 |

**ചോദ്യം (ബി)** എ.എ.വൈ കാർഡുടമകൾക്ക് എത്ര ഓണക്കിറ്റുകൾ ആണ് വിതരണം നടത്തിയിട്ടുള്ളത്; ഇതിനായി എത്ര രൂപ ചെലവ് വന്നിട്ടുണ്ട്; അതിന്റെ വിശദാംശം നൽകാമോ;

**ഉത്തരം (ബി)** സംസ്ഥാനത്ത് നിലവിലുള്ള 591194 AAY കാർഡുകളിൽ, 12/09/2025 വരെ 570322 കാർഡുകൾക്ക് സൗജന്യഭക്ഷ്യക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. കിറ്റ് വിതരണത്തിനായി 43 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ച് നൽകിയത്. 2025 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ AAY വിഭാഗം കാർഡ് ഉടമകൾക്കും സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും തുണി സഞ്ചി ഉൾപ്പെടെ 15 അവശ്യ സാധനങ്ങൾ അടങ്ങുന്ന സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 11.08.2025 തീയതിയിലെ സ.ഉ.(സാധാ) നം.275/2025/ഭ.പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. സർക്കാർ ഉത്തരവ് അനുസരിച്ച്, താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്ന് ലഭ്യമായ ലിസ്റ്റിന് അനുസൃതമായി സപ്ലൈകോ ഓണക്കിറ്റുകൾ തയ്യാറാക്കി റേഷൻകടകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. ഓണക്കിറ്റ് വിതരണം ഇപ്പോഴും തുടരുന്നുണ്ട്.ഇതിനുപുറമേ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും പത്തനംതിട്ട ജില്ലയിലെ ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട 426 കുടുംബങ്ങൾക്കും ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് നാല് പേർക്ക് ഒരു കിറ്റ് എന്ന കണക്കിന് പതിനായിരത്തോളം ഓണക്കിറ്റുകൾ സപ്ലൈകോ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. അവ വിതരണം ചെയ്തുവരുന്നു.

**ചോദ്യം (സി)** റേഷൻ കടകളിലൂടെ സാധാരണ ഈടാക്കുന്ന നിരക്കിൽ തന്നെയാണോ ഓണം സ്പെഷ്യൽ

**ഉത്തരം (സി)** 2025 ഓണത്തിനോട് അനുബന്ധിച്ച് റേഷൻ കാർഡ് ഉടമകൾക്ക് നൽകിയ സ്പെഷ്യൽ അരിയുടെ അളവും നിരക്കും ചുവടെ ചേർക്കുന്നു.

PHH കാർഡ് - നോർമൽ വിഹിത്തിന് പുറമെ ഒരു കാർഡിനു 5 കി. ഗ്രാം അരി Rs.10.90/- നിരക്കിൽ നൽകി.

NPS കാർഡ് - നോർമൽ വിഹിത്തിനു പുറമെ ഒരു കാർഡിനു 10 കി. ഗ്രാം അരി Rs..10.90/- നിരക്കിൽ

| | | | |
|---|---|---|---|
| | അരിയും വിതരണം ചെയ്തത്; വിശദമാക്കാമോ; | | നൽകി.<br>NPNS കാർഡ് - നോർമൽ വിഹിതം 15 കി. ഗ്രാം ആയി വർദ്ധിപ്പിച്ച Rs..10.90/- നിരക്കിൽ അരി നൽകി.<br><br>ഓരോ റേഷൻ കാർഡുകൾക്കും പ്രതിമാസം നൽകുന്ന നോർമൽ റേഷൻ വിഹിതത്തിന്റെ വിവരം **അനുബന്ധം 2 ആയി** ചേർക്കുന്നു. |
| (ഡി) | ഓരോ കുടുംബത്തിനും മതിയായ അരി ലഭ്യത ഉറപ്പ് വരുത്താനും ഓണക്കാലത്ത് പൊതു വിപണിയിൽ ഉണ്ടാകാനിടയുള്ള അരിയുടെ വിലക്കയറ്റം തടയുവാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. 2025 ഓണത്തോടനുബന്ധിച്ച് എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും അധികമായി റേഷൻ വിഹിതം നൽകിയിട്ടുണ്ട്. ഓഗസ്റ്റ് മസമാണ് ടി വിഹിതം നൽകിയത്.<br><br>2025 ഓണത്തോടോനുബന്ധിച്ച് AAY കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും, (നാല് പേർക്ക് ഒരു കിറ്റ് എന്ന കണക്കിൽ) സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തുകയും കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും കിറ്റ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിലക്കയറ്റം തടയുന്നതിനു ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിച്ചു വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വിലക്കയറ്റം തടയുന്നതിനു ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ജില്ല/താലൂക്ക് തല ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. ഉത്സവ സീസണുകളിൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ഓഫീസർ/ താലൂക്ക് സപ്ലൈ ഓഫീസർ /സിറ്റി റേഷനിങ് ഓഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തുന്നുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.<br><br>അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Price Monitoring cell പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ചു സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ Upload ചെയ്തു വരുന്നു.<br><br>പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ Centre for price Research kerala രൂപീകരിച്ചിട്ടുണ്ട്. ആയത് വഴി അനുദിനം വർദ്ധിച്ച വരുന്ന വിലകളെ കുറിച്ച് പഠനം നടത്തി മികച്ച ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽ നിന്നും ശേഖരിച്ച്, താരതമ്യം ചെയ്ത് റിപ്പോർട്ട് സിവിൽ സപ്ലൈസ് കമ്മീഷണർ അംഗീകരിച്ച് സർക്കാരിലേയ്ക്കും, പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേയ്ക്കും, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലേയ്ക്കും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

| Category | RICE | | WHEAT | | ATTA | |
|---|---|---|---|---|---|---|
| | Entitlement | Issue Price | Entitlement | Issue Price | Entitlement | Issue Price |
| AAY | 30 Kg/card | Free of Cost | 2 Kg/card | Free of Cost | 3 Kg/card | Rs.7 per packet |
| Priority | 4Kg/ member | Free of Cost | 1 Kg/member | Free of Cost | Maximum 4 Kg per card (except for single , double & three member card) after reducing the same amount from the total entitled qty of wheat to the card | Rs.9 per packet |
| NPS | 2Kg/ member | Rs.4 Kg | Nil | NA | Nil | NA |
| NPNS | 15 Kg | Rs. 10.90/Kg | | | | |
| NPI | 2 Kg/card | | | | Nil | |